**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1074** **27-07-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ; | (എ) | ഒരു കൃഷി ഭവനിൽ ഒരു കൃഷി ഓഫീസർ (നഗരസഭാ പരിധിയിൽ വരുന്ന കൃഷി ഭവനുകളിൽ കൃഷി ഓഫീസർക്ക് പകരം ഒരു കൃഷി ഫീൽഡ് ഓഫീസർ), അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കർഷക കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2 അല്ലെങ്കിൽ 3 കൃഷി അസ്സിസ്റ്റന്റുമാർ, ഒരു പി.റ്റി.എസ്. |
| (ബി) | നഗരസഭ/കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ കുറവ് ജോലിഭാരം വർദ്ധിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നഗരസഭാ /കോർപറേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകളിലെ ജോലിഭാരം പരിശോധിക്കുന്നതാണ്. |
| (സി) | മട്ടുപ്പാവ് കൃഷി, ഹൈടെക്ക് കൃഷി, ഗ്രീൻഹൗസ് കൃഷി, മഴമറ - തരിശ് കൃഷി എന്നിവ വർദ്ധിച്ച സാഹചര്യത്തിൽ പഞ്ചായത്തുകളിലെ കൃഷിഭവനുകളിലെ സ്റ്റാഫ് പാറ്റേൺ നഗരസഭ/ കോർപ്പറേഷൻ മേഖലകളിലെ കൃഷിഭവനുകളിലും അനുവദിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ